ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 30.04.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1) പഹൽഗാം ഭീകരാക്രമണ പശ്ചാത്തലത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഉന്നതതല സുരക്ഷായോഗം ചേർന്നു, സുരക്ഷാ കാര്യങ്ങൾക്കുള്ള കേന്ദ്ര മന്ത്രിസഭാ സമിതി ഇന്ന്

Prime Minister Narendra Modi chairs a high-level security meeting with Defence Minister and top officials in wake of Pahalgam terror attack.

2) വിദേശകാര്യ മന്ത്രി എസ് ജയശങ്കറുമായി ഐക്യരാഷ്ട്രസഭാ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ് ടെലഫോൺ സംഭാഷണം നടത്തി External Affairs Minister Dr. S Jaishankar received a call from UN Secretary General Antonio Guterres and appreciated his unequivocal condemnation of the terrorist attack in Pahalgam

3) പഹൽഗാം ഭീകരാക്രമണത്തെ ശക്തമായി അപലപിച്ച് ഈജിപ്ത്.

Egypt's Ambassador to India Kamel Zayed Galal has termed Pahalgam terrorist attack as an unacceptable

assault on India which has infuriated Egypt and the country's government.

4) സുപ്രീം കോടതി ജഡ്ജി ജസ്റ്റിസ് ഭൂഷൺ രാമകൃഷ്ണ ഗവായിയെ ഇന്ത്യയുടെ അടുത്ത ചീഫ് ജസ്റ്റിസായി രാഷ്ട്രപതി ദ്രൗപതി മുർമു നിയമിച്ചു

President Droupadi Murmu has appointed Supreme Court Judge, Justice Bhushan Ramkrishna Gavai as the next Chief Justice of India

5) ഉത്തരാഖണ്ഡിലെ -പ്രസിദ്ധമായ ചാർ ധാം യാത്ര അക്ഷയ ത്രിതീയ ദിനമായ ഇന്ന് ആരംഭിക്കും

The Char Dham Yatra in Uttrakhand will begin today on the auspicious occasion of Akshay Tritiya

6) 2026 ലെ ഏഷ്യൻ ഗെയിംസിൽ ക്രിക്കറ്റും ഉൾപ്പെടുത്തി

Cricket has been retained for Asian Games 2026.

&&&&&&&&&&&&&&&&&&

**PM-MEETING**

പഹൽഗാം ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഉന്നതതലയോഗം ചേർന്നു. ഇന്നലെ ന്യൂഡൽഹിയിൽ പ്രധാനമന്ത്രിയുടെ വസതിയിൽ ചേർന്ന യോഗത്തിൽ രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്, ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ എന്നിവരെ കൂടാതെ, സംയുക്ത സൈനിക മേധാവി ജനറൽ അനിൽ ചൗഹാനും മൂന്ന് സേനാ മേധാവികളും പങ്കെടുത്തു.

പിന്നീട്, ആർഎസ്എസ് മേധാവി മോഹൻ ഭഗവതും പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച നടത്തി.

&&&&&&&&&&&&&&&&&&

## CABINET COMMITTEE ON SECURITY

പ്രധാനമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഇന്ന് സുരക്ഷാ കാര്യങ്ങൾക്കുള്ള കേന്ദ്ര മന്ത്രിസഭാ സമിതി, യോഗം ചേരും. പഹൽഗാം ഭീകരാക്രമണത്തിന് ശേഷം നടക്കുന്ന രണ്ടാമത്തെ യോഗമാണ് ഇത്. കേന്ദ്ര മന്ത്രിമാരായ രാജ്നാഥ് സിംഗ്, അമിത് ഷാ, നിർമ്മല സീതാരാമൻ, എസ്. ജയ്ശങ്കർ തുടങ്ങിയവർ പങ്കെടുക്കും.

&&&&&&&&&&&&&&&&&&

## JAISHANKAR- UN SG

ഐക്യരാഷ്ട്രസഭാ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ് വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കറുമായി ടെലിഫോൺ സംഭാഷണം നടത്തി. പഹൽഗാം ഭീകരാക്രമണത്തെ ശക്തമായി അപലപിച്ച ഐക്യരാഷ്ട്രസഭാ തലവന്റെ നടപടിയെ വിദേശകാര്യ മന്ത്രി സ്വാഗതം ചെയ്തു. ഉത്തരവാദിത്വം എന്നത് പ്രധാനമാണെന്ന കാര്യത്തിൽ ഇരുവരും യോജിച്ചതായി അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു. ആക്രമണത്തിന്റെ

ആസൂത്രകരെയും, പിന്തുണച്ചവരെയും, കുറ്റവാളികളെയും ഇന്ത്യ നീതിക്കുമുന്നിൽ കൊണ്ടുവരുമെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## PAHALGAM ATTACK – EGYPT

പഹൽഗാം ഭീകരാക്രമണത്തെ ശക്തമായി അപലപിച്ച് ഈജിപ്ത്. ഇന്ത്യയ്ക്കെതിരായ ഭീകരാക്രമണം അംഗീകരിക്കാനാകില്ലെന്നും, ആക്രമണം ഈജിപ്തിനെ രോഷാകുലരാക്കിയെന്നും ഇന്ത്യയിലെ ഈജിപ്ത് അംബാസഡർ കമേൽ സായിദ് ഗലാൽ പറഞ്ഞു. ഭീകര സംഘടനകളെ നേരിടാൻ ആഗോള സഹകരണം ആവശ്യമാണെന്ന് പറഞ്ഞ അദ്ദേഹം, ഇത്തരം ദുഷ്കര സന്ദർഭങ്ങളിൽ ഈജിപ്ത് ഇന്ത്യയ്ക്കൊപ്പം നിലകൊള്ളുമെന്ന് വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## LOC–FIRING

ജമ്മു കശ്മീരിലെ നിയന്ത്രണ രേഖയിൽ ഇന്നലെ രാത്രി പാകിസ്ഥാൻ സൈന്യം നടത്തിയ വെടിവയ്പ്പിന് ശക്തമായ തിരിച്ചടി നൽകി ഇന്ത്യ. നൗഷേര, സുന്ദർബാനി, അഖ്നൂർ സെക്ടറുകളിൽ പാകിസ്ഥാൻ സൈനിക പോസ്റ്റുകൾ പ്രകോപനമില്ലാതെ വെടിയുതിർത്തതായി

പ്രതിരോധ വ്യത്തങ്ങൾ അറിയിച്ചു. ഇന്ത്യൻ സൈന്യം ഉചിതമായി തിരിച്ചടിച്ചു.

&&&&&&&&&&&&&&&&&&

## BJP – CONG SOCIAL MEDIA

പ്രധാനമന്ത്രി നരേന്ദ്ര മോദിയെ ലക്ഷ്യംവ്ച്ച് കോൺഗ്രസ് സാമൂഹ്യമാധ്യമത്തിൽ പങ്കിട്ട ചിത്രത്തിനെതിരെ ബിജെപി രൂക്ഷമായി പ്രതികരിച്ചു. പഹൽഗാം ഭീകരാക്രമണത്തിന് ശേഷമുള്ള നിർണായകവേളയിൽ ഇത്തരമൊരു പോസ്റ്റിലൂടെ കോൺഗ്രസ് രാജ്യത്തെ ദുർബലപ്പെടുത്താൻ ശ്രമിക്കുകയാണെന്ന് ബിജെപി വ്ക്താവ് ഗൗരവ് ഭാട്ടിയ പ്രതികരിച്ചു.

(ഹോൾഡ്, വോയ്സ്)

വിവാദ പോസ്റ്റ് പിന്നീട് കോൺഗ്രസ് സമൂഹമാധ്യമങ്ങളിൽ നിന്ന് പിൻവലിച്ചു.

&&&&&&&&&&&&&&&&&&

## PAKISTAN MINORITY CITIZENS–LONG TERM VISAS

ഇന്ത്യയിൽ താമസിക്കുന്ന പാകിസ്ഥാൻ പൗരന്മാർക്കായി പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ ആഭ്യന്തരമന്ത്രാലയം പുറപ്പെടുവിച്ചു. പുതുക്കിയ ഉത്തരവ് പ്രകാരം, സാധുവായ ദീർഘകാലവിസ കൈവശമുള്ള പാകിസ്ഥാൻ പൗരന്മാർ ഇനി രാജ്യം വിടേണ്ടതില്ല. ഇന്ത്യൻ പൗരന്മാരെ വിവാഹം കഴിച്ച്

ദീർഘകാല വിസയിൽ ഇന്ത്യയിൽ താമസിക്കുന്ന മുസ്ലീം സ്ത്രീകൾ ഇനി പാകിസ്ഥാനിലേക്ക് മടങ്ങേണ്ടതില്ല.

&&&&&&&&&&&&&&&&&&

## MAHA-CABINET DECISIONS

പഹൽഗാം ഭീകരാക്രമണത്തിൽ കൊല്ലപ്പെട്ട മഹാരാഷ്ട്രാ സ്വദേശികളുടെ കുടുംബങ്ങൾക്ക് മുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നാവിസ് 50 ലക്ഷം രൂപ വീതം ധനസഹായം പ്രഖ്യാപിച്ചു. ഇരകളുടെ കുടുംബങ്ങൾക്ക് ജോലി നൽകാനും തീരുമാനിച്ചു.

&&&&&&&&&&&&&&&&&&

## GAVAI- CJI APPOINTMENT

സുപ്രീം കോടതി ജഡ്ജി ജസ്റ്റിസ് ഭൂഷൺ രാമകൃഷ്ണ ഗവായി ഇന്ത്യയുടെ അടുത്ത ചീഫ് ജസ്റ്റിസാകും. രാഷ്ട്രപതി ദ്രൗപതി മുർമു ജസ്റ്റിസ് ഗവായിയെ ഇന്ത്യയുടെ അടുത്ത ചീഫ് ജസ്റ്റിസായി നിയമിച്ചതായും നിയമനം അടുത്ത മാസം 14 മുതൽ പ്രാബല്യത്തിൽ വരുമെന്നും കേന്ദ്രമന്ത്രി അർജുൻ റാം മേഘ്‌വാൾ അറിയിച്ചു. നിലവിലെ ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്ന അടുത്ത മാസം 13-ന് വിരമിക്കും.

&&&&&&&&&&&&&&&&&&

## CHAR DHAM YATRA

ഉത്തരാഖണ്ഡിലെ പ്രസിദ്ധമായ ചാർ ധാം യാത്ര അക്ഷയ ത്രിതീയ ദിനമായ ഇന്ന് ആരംഭിക്കും. ഉത്തരകാശി ജില്ലയിലെ ഗംഗോത്രി, യമുനോത്രി ക്ഷേത്രങ്ങളുടെ വാതിലുകൾ തുറക്കുന്നതോടെയാണ് യാത്ര ആരംഭിക്കുക. തീർഥാടകരുടെ സുരക്ഷയ്ക്കും, ഗതാഗത നിയന്ത്രണത്തിനും വിപുലമായ ഒരുക്കങ്ങളാണ് സംസ്ഥാനം ഏർപ്പെടുത്തിയിരിക്കുന്നത്.

&&&&&&&&&&&&&&&&&&

**SHAH-MANIPUR**

2024-ൽ കൊടുങ്കാറ്റിനെത്തുടർന്ന് നാശനഷ്ടങ്ങൾ സംഭവിച്ച മണിപ്പൂരിന് സഹായം അനുവദിച്ച് കേന്ദ്ര സർക്കാർ. 153 കോടിയിലധികം രൂപയുടെ അധിക കേന്ദ്ര സഹായത്തിനാണ് അംഗീകാരം നൽകിയത്. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ അധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗത്തിലാണ് തീരുമാനം.

&&&&&&&&&&&&&&&&&&

**VIZHINJAM**

കേരളത്തിൻറെ സ്വപ്നകവാടമായ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം കമ്മീഷനിങ് ചടങ്ങിന് ഇനി രണ്ട് നാൾ മാത്രം. പ്രധാനമന്ത്രി നരേന്ദ്രമോദി മെയ് രണ്ടിനാണ് വിഴിഞ്ഞം തുറമുഖം രാഷ്ട്രത്തിന് സമർപ്പിക്കുക. പ്രധാനമന്ത്രിയുടെ

സന്ദർശനത്തോടനുബന്ധിച്ച് പ്രദേശത്ത് കനത്ത സുരക്ഷയാണൊരുക്കുന്നത്.

&&&&&&&&&&&&&&&&&&

**ZOOMBA DANCE**

സ്കൂൾ വിദ്യാർത്ഥികൾക്ക് പുതിയ അധ്യയന വർഷം മുതൽ സൂംമ്പാ ഡാൻസ് പരിശീലനം നൽകുന്നതിൻ്റെ ഔദ്യോഗിക ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് തിരുവനന്തപുരത്ത് നിർവഹിക്കും. 15 സ്കൂളുകളിൽ നിന്നായി ആയിരത്തിയഞ്ഞൂറോളം വിദ്യാർഥികൾ ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ സൂംമ്പാ അവതരിപ്പിക്കും.

&&&&&&&&&&&&&&&&&&

**THRISSUR POORAM**

തൃശൂർ പൂരത്തിന് ഇന്ന് കൊടിയേറ്റം. തിരുവമ്പാടി, പാറമേക്കാവ് ക്ഷേത്രങ്ങളിലും എട്ട് ഘടകക്ഷേത്രങ്ങളിലും ഇന്ന് പൂരം കോടിയേറും.

*വിശദാംശങ്ങളുമായി ആകാശവാണി തൃശ്ശൂർ ജില്ലാ പ്രതിനിധി ഭരിതാ പ്രതാപ്...............*

*(വോയിസ്)*

&&&&&&&&&&&&&&&&&&

**CHIEF SECRETARY**

സംസ്ഥാന ചീഫ് സെക്രട്ടറി ഡോ. ശാരദാ മുരളീധരൻ ഇന്ന് വിരമിക്കും. ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി A. ജയതിലക് ആണ് അടുത്ത ചീഫ് സെക്രട്ടറി.

&&&&&&&&&&&&&&&&&&

## POSH ACT

ജോലിസ്ഥലത്തെ ലൈംഗിക പീഡന നിരോധന നിയമം - - പോഷ് ആക്ട് - അനീതി പരിഹരിക്കുന്നതിനാണ് ലക്ഷ്യമിടുന്നതെന്ന് ദേശീയ വനിതാ കമ്മീഷൻ ചെയർപേഴ്സൺ വിജയ രഹത്കർ പറഞ്ഞു. കൊച്ചിയിൽ പോഷ് ആക്ട് നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ള അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു അവർ.

&&&&&&&&&&&&&&&&&&

## ICSE-RESULT

ഐസിഎസ്ഇ 10-ാം ക്ലാസ്, ഐഎസ്‌സി 12-ാം ക്ലാസ് പരീക്ഷാഫലം ഇന്നു രാവിലെ 11നു പ്രസിദ്ധീകരിക്കും. ഔദ്യോഗിക വെബ്സൈറ്റിലൂടെയും ഡിജിലോക്കർ വഴിയും ഫലം അറിയാം.

&&&&&&&&&&&&&&&&&&

## CRICKET - ASIAN GAMES

2026 ലെ ഏഷ്യൻ ഗെയിംസിൽ ക്രിക്കറ്റ് ഉൾപ്പെടുത്തി. 2026 സെപ്റ്റംബർ 19 മുതൽ ഒക്ടോബർ 4 വരെ ജപ്പാനിലാണ്ഏഷ്യൻഗെയിംസ് നടക്കുന്നത്. ഏഷ്യൻ ഗെയിംസിൽ ഇതു നാലാംതവണയാണ് ക്രിക്കറ്റ് ഉൾപ്പെടുത്തുന്നത്.

&&&&&&&&&&&&&&&&&&

**IPL**

ഐപിഎൽ ക്രിക്കറ്റിൽ ഇന്നലെ രാത്രി ന്യൂഡൽഹിയിൽ നടന്ന മത്സരത്തിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് ഡൽഹി ക്യാപിറ്റൽസിനെ 14 റൺസിന് പരാജയപ്പെടുത്തി.
ഇന്ന് ചെന്നൈ സൂപ്പർ കിംഗ്സ് പഞ്ചാബ് കിംഗ്സിനെ നേരിടും.

&&&&&&&&&&&&&&&&&&

**TRUMP – INDIA**

ഇന്ത്യയുമായുള്ള താരിഫ് സംബന്ധിച്ച ചർച്ചകൾ മികച്ച രീതിയിൽ പുരോഗമിക്കുകയാണെന്നും ഇരു രാജ്യങ്ങളും ഉടൻ തന്നെ ഒരു വ്യാപാര കരാറിലെത്തുമെന്നും യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്. വൈറ്റ് ഹൗസിന് പുറത്ത് മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&&&

## MUMBAI- WAVES CONFERENCE

ലോക ദൃശ്യ ശ്രാവ്യ ഉച്ചകോടി വേവ്സ് 2025 ന് നാളെ മുംബൈയിൽ തുടക്കമാകും. മെയ് 1 മുതൽ 4 വരെ മുംബൈയിലെ ജിയോ വേൾഡ് സെന്ററിലാണ് 'വേൾഡ് ഓഡിയോ വിഷ്വൽ എന്റർടൈൻമെന്റ് സമ്മിറ്റ് നടക്കുക.

&&&&&&&&&&&&&&&&&&

## HEATWAVE

സംസ്ഥാനത്ത് നാളെ കൂടി ഉയർന്ന ചൂടിന് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. വിവിധ ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

&&&&&&&&&&&&&&&&&&

## DEATH-PALAKAD

പാലക്കാട്,മീൻവല്ലം തുടിക്കോട് ആദിവാസി കോളനിയിൽ മൂന്ന് കുട്ടികൾ മുങ്ങിമരിച്ചു. സഹോദരങ്ങളായ ഏഴും നാലും ആറും വയസുള്ള കുട്ടികളെയാണ് വീടിന് അടുത്തുള്ള ചിറയിൽ മരിച്ച നിലയിൽ കണ്ടെത്തിയത്.

&&&&&&&&&&&&&&&&&&

## K K RADHAKRISHNAN-KANNUR

കണ്ണൂർ കൈതപ്രത്ത് ബിജെപി പ്രവർത്തകനും ഓട്ടോ ഡ്രൈവറുമായ കെ കെ രാധാകൃഷ്ണനെ വെടിവെച്ച് കൊലപ്പെടുത്തിയ കേസിൽ ഭാര്യ മിനി നമ്പ്യാരെ പോലീസ് അറസ്റ്റ് ചെയ്തു. രാധാകൃഷ്ണനെ വധിക്കാൻ ഒന്നാംപ്രതി എൻ കെ സന്തോഷിന് പ്രേരണ നൽകിയെന്ന് കുറ്റത്തിനാണ് മിനിയെ അറസ്റ്റ് ചെയ്തത് .

&&&&&&&&&&&&&&&&&&

## FIRE-KANNUR

കണ്ണൂർ പഴയങ്ങാടിയിൽ ഇന്നലെ രാത്രി ഉണ്ടായ തീപിടുത്തത്തിൽ സൂപ്പർമാർക്കറ്റ് ഉൾപ്പെടെയുള്ള കെട്ടിടം കത്തി നശിച്ചു. രാത്രി 11 മണിയോടെയാണ് തീ പിടിച്ചത്. അഗ്നിരക്ഷാസംഘം പുലർച്ചയോടെ തീ പൂർണമായും അണച്ചു

&&&&&&&&&&&&&&&&&&

## VEENA GEORGE

സംസ്ഥാനത്ത് അടുത്തമാസം മഴക്കാലപൂർവ ഭക്ഷ്യ സുരക്ഷാ പരിശോധനകൾ നടത്തുമെന്ന് മന്ത്രി വീണാ ജോർജ്. ഓപ്പറേഷൻ ലൈഫിന്റെ ഭാഗമായാണ് മേയ് 2 മുതൽ ഒരു മാസക്കാലം പരിശോധനകൾ നടക്കുക . തട്ടുകട മുതൽ ചെക്ക് പോസ്റ്റുകൾ വരെ വിപുലമായ പരിശോധനകളാണ് നടത്തുക.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&